&

(ബി) ആയത് സംബന്ധിച്ച് നിലവിൽ സർക്കാർ പ്രസ്സിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തരമായി ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിച്ച അപേക്ഷകൾ

155 (4880) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി താലൂക്കുകളിൽ നിന്നും തിരുവനന്തപുരം ഗവൺമെന്റ് പ്രസ് ഡയറക്ടർക്ക് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിച്ച പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ഏത് തീയതി വരെ ലഭിച്ച അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നറിയിക്കാമോ;

&

(ബി) 2021 ജൂലായ് 31 വരെ ലഭിച്ച എത്ര അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽനിന്നും 5-8-2021 വരെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ഗസറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട അപേക്ഷകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിക്കുന്ന സമയം തന്നെ രജിസ്റ്റർ ചെയ്യുന്നതിനും അടുത്തതന്നെ പ്രസിദ്ധീകരിക്കുന്ന ഗസറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

156 (4881) ശ്രീ. ടി. സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന സ്കോളർഷിപ്പുകൾ നൽകിവരുന്നു :

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
2. സി.എ/സി.എം.എ/സി.എസ്. സ്കോളർഷിപ്പ്.
3. സ്വകാര്യ ഐ.റ്റി.ഐ. ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം.
4. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്.
5. സിവിൽ സർവ്വീസ് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം.
6. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്.
7. മദർതെരേസ സ്കോളർഷിപ്പ്.
8. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്.

(ബി) ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനായി കോച്ചിംഗ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും, 34 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ഒരു കോച്ചിംഗ് സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള കൽപ്പറ്റ പഴയ ബസ്സ്റ്റാന്റ് ബിൽഡിംഗിൽ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

ന്യൂനപക്ഷ ക്ഷേമ സ്കോളർഷിപ്പുകൾ

157 (4882) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

22-2-2011-ലെ പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ സ.ഉ.(കൈ) നമ്പർ 57/2011/പൊ.ഭ.വ. ഉത്തരവിനെ തുടർന്ന് നടപ്പിലാക്കിയ 80:20 അനുപാത മനുസരിച്ച് 2011 മുതൽ 2021 മാർച്ച് മാസം വരെ ഓരോ വർഷവും ന്യൂനപക്ഷ ക്ഷേമവകുപ്പ് മുസ്ലീം വിദ്യാർത്ഥികൾക്കും ലത്തീൻ/പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും അനുവദിച്ച സ്കോളർഷിപ്പുകളുടെ പേരും എണ്ണവും തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?